A

GI-702

# സമഗ്രശിക്ഷാ കേരളം

# പാദവാർഷിക മൂല്യനിർണ്ണയം 2023-2024

## മലയാളം

## കേരളപാഠാവലി

ക്ലാസ് : 7 സമയം: 2 മണിക്കൂർ

### അധ്യാപകർക്കുള്ള നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് സമാശ്വാസ സമയം നൽകണം. ഈ സമയം കുട്ടികൾ ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കട്ടെ.
2. ആകെ സ്കോർ 25. ഓരോ ചോദ്യത്തിനും (ഒബ്ജക്ടീവ് ടൈപ്പ് ഉൾപ്പെടെ) സ്കോർ കണക്കാക്കണം. ഗ്രേഡ് നൽകണം (a/b/c/d/e).
3. ഓരോ പ്രവർത്തനത്തിന്റെയും സ്കോർ പരിഗണിച്ച് ശതമാന പട്ടിക ഉപയോഗിച്ച് (A/B/C/D/E) ഓവറോൾ ഗ്രേഡ് നൽകണം. ഗ്രേഡിംഗ് സൂചകങ്ങൾ ചുവടെ നൽകുന്നു.
4. ആകെ ആറു പ്രവർത്തനങ്ങൾ നൽകിയിട്ടുണ്ട്. രണ്ടു മുതൽ ആറു വരെയുള്ള പ്രവർത്തനങ്ങളിൽ ഏതെങ്കിലും നാലെണ്ണത്തിന് ഉത്തരമെഴുതിയാൽ മതി.

---

**പ്രവർത്തനം 1- വായിക്കാം എഴുതാം**

**പഠനനേട്ടം : വായനസാമഗ്രി വായിച്ച് ആശയം ഗ്രഹിക്കുകയും ഗ്രഹിച്ച ആശയങ്ങൾ എഴുതി അവതരിപ്പിക്കുകയും ചെയ്യുന്നു.**

**സൂചകങ്ങൾ :**

1. നയാഗ്ര വെള്ളച്ചാട്ടം (1)
2. പാൽക്കടൽ (1)
3. എന്തൊരു കുളിരും അഴകും ഗാംഭീര്യവുമാണീ പ്രവാഹത്തിന് (1)
4. കുളിരും അഴകും (1)
5. പച്ചപ്പുല്ലും കാട്ടുപൂക്കളും (1)

**പ്രവർത്തനം 2 (എ) -ഡയറിക്കുറിപ്പ്**

**പഠനനേട്ടം: വിഷയത്തിനും സന്ദർഭത്തിനും യോജിച്ച പ്രയോഗങ്ങൾ, ശൈലികൾ, ആത്മാംശം എന്നിവ കലർത്തി രചനകളിൽ ഏർപ്പെടുന്നു.**

**സൂചകങ്ങൾ :**

1. അനുയോജ്യമായ ഭാഷാശൈലി (ആത്മാംശം ഉൾക്കൊണ്ടത്, സവിശേഷ പ്രയോഗം, ശൈലി )എന്നിവ ഉപയോഗിച്ചിട്ടുണ്ട്. (1)
2. രചനയിൽ ആശയവ്യക്തതയും സൂക്ഷ്മതയും പാലിച്ചിട്ടുണ്ട്. (1)
3. വ്യവഹാരരൂപത്തിന്റെ ഘടന, സ്വഭാവം പാലിച്ചിട്ടുണ്ട്. (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

ബി) രാജൻ കാക്കനാടൻ (1)

**പ്രവർത്തനം 3-ആസ്വാദനക്കുറിപ്പ്**

**പഠനനേട്ടം : വായിച്ച കവിതയിലെ പ്രധാന ആശയങ്ങൾ, അവതരണഭംഗി, സാമൂഹിക പ്രസക്തി എന്നിവ കണ്ടെത്തി സ്വന്തം നിരീക്ഷണങ്ങളും അഭിപ്രായങ്ങളും ചേർത്ത് ആസ്വാദനക്കുറിപ്പ് തയ്യാറാക്കുന്നു.**

**സൂചകങ്ങൾ:**

1. രചനയുടെ സവിശേഷതകളും സൗന്ദര്യാംശവും ' പൂക്കാതിരിക്കാനെനിക്കാവതില്ലേ' എന്ന കവിതയുടെ ബന്ധവും തിരിച്ചറിഞ്ഞിട്ടുണ്ട്. (1)
2. സവിശേഷ പ്രയോഗങ്ങൾ, സ്വന്തം നിരീക്ഷണങ്ങൾ എന്നിവ ഉൾപ്പെടുത്തി അനുയോജ്യമായ ഭാഷയിൽ അവതരിപ്പിച്ചിട്ടുണ്ട്. (1)
3. ഉചിതമായ ഭാഷ, പ്രയോഗങ്ങൾ, ഉദാഹരണങ്ങൾ എന്നിവ ഉപയോഗിച്ചിട്ടുണ്ട്. (1)
4. ഇഷ്ടപ്പെട്ട വരികൾ, കാരണം എന്നിവ കണ്ടെത്തിയിട്ടുണ്ട്. (1)
5. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

**പ്രവർത്തനം 4 (എ)- കത്ത്**

**പഠനനേട്ടം : പാഠഭാഗങ്ങളിൽ നിന്നു നേടിയ ഭാഷാപരവും ആശയപരവുമായ ശേഷികൾ പ്രയോജനപ്പെടുത്തി സ്വതന്ത്രമായ സർഗാത്മക രചനകളിൽ ഏർപ്പെടുന്നു.**

**സൂചകങ്ങൾ**

1. ഭാവം/വൈകാരികത ഇവ ഉൾക്കൊള്ളിച്ച് ആശയം വിശദീകരിച്ചിട്ടുണ്ട്. (1)
2. അനുയോജ്യമായ ഭാഷ ( സവിശേഷ പ്രയോഗങ്ങൾ, ശൈലി) ഉപയോഗിച്ചിട്ടുണ്ട് (1)
3. കത്തിന്റെ ഘടന പാലിച്ചിട്ടുണ്ട്.(ആര്, ആർക്ക്, എവിടെ നിന്ന്, ഉപസംഹാരം, പേര്, ഒപ്പ്) (1)
4. വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

ബി) രേഖ (1)

**പ്രവർത്തനം : 5 (എ)-പത്രവാർത്ത**

**പഠനനേട്ടം :സംഭവത്തിന്റെ /പ്രശ്നത്തിന്റെ അനിവാര്യമായ വിശദാംശങ്ങൾ ഉൾപ്പെടുത്തി ലളിതമായ ഭാഷയിൽ, ഘടന പാലിച്ച് ഉചിതമായ തലക്കെട്ട് നൽകി വാർത്ത തയ്യാറാക്കുന്നു**

**സൂചകങ്ങൾ**

1. സംഭവത്തിന്റെ വിശദാംശങ്ങൾ പ്രതിപാദിച്ചിട്ടുണ്ട് (1)
2. കാതലായ ഭാഗങ്ങളിൽ തുടങ്ങി വിശദാംശങ്ങളിലേക്ക് പോകുന്ന പത്രഭാഷ ഉപയോഗിച്ചിട്ടുണ്ട്.(1)
3. ആകർഷകമായ ശീർഷകം നൽകിയിട്ടുണ്ട്. (1)
4. വായനക്കാരെ സ്വാധീനിക്കുന്ന ഭാഷ, ശൈലി, പ്രയോഗങ്ങൾ എന്നിവ ഉപയോഗിച്ച് വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)

ബി) ആത്മകഥക്കൊരാമുഖം (1)

**പ്രവർത്തനം 6-താരതമ്യക്കുറിപ്പ്**

**പഠനനേട്ടം : രചനകളിലെ ആശയങ്ങൾ, വ്യത്യസ്തമായ പ്രയോഗങ്ങൾ, മറ്റു രചനതന്ത്രങ്ങൾ എന്നിവ തിരിച്ചറിഞ്ഞ് താരതമ്യം ചെയ്യുന്നു.**

**സൂചകങ്ങൾ**

1. രണ്ടു രചനകളിലെയും ആശയം പൂർണമായും താരതമ്യത്തിന് വിധേയമാക്കിയിട്ടുണ്ട്. (1)
2. സ്വന്തം നിരീക്ഷണങ്ങൾ, ഉദാഹരണങ്ങൾ, നിലപാടുകൾ എന്നിവ അനുയോജ്യമായ ഭാഷയിൽ യുക്തിപൂർവ്വം ഉപയോഗിച്ചിട്ടുണ്ട്. (1)
3. സാമ്യവ്യത്യാസങ്ങൾ സർഗാത്മകമായി രേഖപ്പെടുത്തിയിട്ടുണ്ട്. (1)
4. ഉചിതമായ ഭാഷ ഉപയോഗിച്ച് രചന നടത്തിയിട്ടുണ്ട്. (1)
5. ആശയത്തെ സമഗ്രമായി ഉൾക്കൊണ്ട് ഖണ്ഡികകരണം, വാക്യഘടന, ചിഹ്നനം എന്നിവ പാലിച്ച് അക്ഷരത്തെറ്റില്ലാതെ എഴുതിയിട്ടുണ്ട്. (1)